# ക്ലാസ്സ് –4




# 2

# കാറ്റിന്റെ ഉറവിടം തേടി

# PLAY



# കടൽക്കാറ്റ്

-പകൽ സമയം കരപെട്ടെന്ന് ചൂടുപിടിക്കുന്നതിന്റെ ഫലമായി കരയോട് ചേർന്നു കിടക്കുന്ന വായു ചൂട്പിടിച്ച് ഉയരുന്നു.

-ഇത് ആ പ്രദേശത്തിനു മുകളിൽ ന്യൂനമർദ്ദം രൂപം കൊള്ളുന്നതിനു കാരണമാകുന്നു.

-അപ്പോൾ താരതമ്യേന തണുത്തവായു കടലിനു മുകളിൽ നിന്നു കരയിലേയ്ക്ക് വീശുന്നു.

-ഈ ഇളം കാറ്റുകളാണ് കടൽക്കാറ്റ് എന്നറിയപ്പെടുന്നത്.




BIJU KK, HST, GHSS TUVVUR, MALAPPURAM.

# കരക്കാറ്റ്

–രാത്രികാലങ്ങളിൽ കര കടലിനെ അപേക്ഷിച്ച് പെട്ടെന്നു തണുക്കുന്നതുമൂലം കരയുടെ മുകളിൽ ഉച്ചമർദവും കലിനു മുകളിൽ ന്യൂനമർദവും ആയിരിക്കും

–ഇത് കരയിൽ നിന്നു കാടലിലേയ്ക്ക് കാറ്റു വീശുന്നതിന്ന് കാരണമാകുന്നു.

– ഇവയാണ് കരക്കാറ്റ്.

–രാത്രിയോടെ ആരംഭിക്കുന്ന കരക്കാറ്റ് പുലർകാലത്തോടെ സജീവമാവുന്നു.

–സൂര്യോദയത്തോടെ കരക്കാറ്റ് അവസാനിക്കുന്നു.

BIJU KK, HST, GHSS TUVVUR, MALAPPURAM.




BIJU KK, HST, GHSS TUVVUR, MALAPPURAM.

# താഴ് വരകാറ്റ്

–പകൽസമയത്ത് പർവ്വത മുകളിലെ വായു ചൂടുപിടിച്ച് ഉയരുന്നതിനാൽ താരതമ്യേന ചൂടുകുറഞ്ഞ താഴ് വരയിൽ നിന്നും മുകളിലേക്ക് പർവ്വതചരി വിലൂടെ കാറ്റ് വീശുന്നു.

–ഇതാണ് താഴ് വരകാറ്റ്.


പർവതക്കാറ്റ്
(Mountain breeze)

# പർവതക്കാറ്റ്

–രാത്രികാലങ്ങങ്ങളിൽ പർവ്വത മുകളിലെ തണുപ്പു മൂലം വായു തണുക്കുന്നു.

–തണുത്ത വായുവിന് ഭാരം കൂടുതലായതിനാൽ അത് താഴ് വരയിലേക്ക് വീഴുന്നു.

–ഇതാണ് പർവതക്കാറ്റ്

BIJU KK, HST, GHSS TUVVUR, MALAPPURAM.

# പ്രാദേശിക വാതങ്ങൾ

–താരതമ്യേന ചെറിയ പ്രദേശത്തു മാത്രമായി അനുഭവപ്പെടുന്ന കാറ്റുകളാണ് പ്രാദേശിക വാതങ്ങൾ.
–പ്രാദേശികമായ മർദ്ദ വ്യത്യാസങ്ങൾ മൂലമാണ് ഇവ രൂപം കൊള്ളുന്നത്.

–ലോകത്തിന്റെ പല ഭാഗങ്ങളിലും വിവിധ പേരുകളിൽ ഇത്തരം കാറ്റുകൾ വീശുന്നുണ്ട്.
–ലൂ, മാംഗോഷവർ, കാൽബൈശാഖി, ചിനൂക്ക്, ഹർമാറ്റ്, ഫൊൻ തുടങ്ങിയ ഉദാഹരണങ്ങൾ.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# ചിനൂക്ക്

PLAY

-വടക്കേ അമേരിക്കയിലെ റോക്കി പർവതനിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്ന ഉഷ്ണക്കാറ്റാണ് ചിനൂക്ക്.

-ഈ കാറ്റിന്റെ ഫലമായി റോക്കി പർവതനിരയുടെ കിഴക്കേ ചരിവിലെ മഞ്ഞുരുകുന്നതിനാൽ മഞ്ഞുതീനി എന്നർത്ഥം വരുന്ന ചിനൂക്ക് എന്നു പേരു ലഭിച്ചു.

-ശൈത്യത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിനാൽ കനേഡിയൻ സമതലങ്ങളിൽ ഗോതമ്പ് കൃഷിക്ക് ഈ കാറ്റ് ഏറെ പ്രയോജനപ്പെടുന്നു.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# ഫൊൻ

PLAY

- ആൽപ്സ് പർവതനിരയിൽ നിന്ന് വടക്കൻ താഴ്വാരത്തേക്ക് വീശുന്ന കാറ്റാണ് ഫൊൻ.

- ഈ കാറ്റ് താഴ്വാരത്തേക്ക് ഇറങ്ങുമ്പോൾ സമ്മർദ്ദം കൊണ്ട് ചൂടാകുന്നതിനാൽ ആ ഭാഗത്തെ അന്തരീക്ഷത്തിലെ തണുപ്പിന്റെ കാഠിന്യം കുറയാൻ കാരണമാകുന്നു.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# ഹർമാറ്റൻ

-ആഫ്രിക്കയിലെ സഹാറ മരുഭൂമിയിൽ നിന്ന് പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്ന പ്രാദേശിക വാതം.

-പൊതുവെ ഈർപ്പം നിറഞ്ഞ അസുഖകരമായ കാലാവസ്ഥ നിലനിൽക്കുന്ന പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് ഈ കാറ്റ് എത്തുന്നതോടെ കാലാവസ്ഥ മെച്ചപ്പെടുന്നതിനാൽ ജനങ്ങൾ ഇവയെ ഡോക്ടർ എന്നു വിളിക്കുന്നു.

# PLAY

# ലൂ

–ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഉഷ്ണക്കാറ്റാണ് ലൂ

–ഉഷ്ണകാലത്ത് രാജസ്ഥാൻ മരുഭൂമിയിൽ നിന്ന് വീശുന്ന ഈ കാറ്റ് ഉത്തരേന്ത്യൻ സമതലങ്ങളിലെ വേനലിന്റെ തീക്ഷ്ണത വർധിപ്പിക്കുന്നു.

# മാംഗോഷവേഴ്സ്

–ഉഷ്ണകാലത്ത് ദക്ഷിണേന്ത്യയിൽ വീശുന്ന പ്രാദേശിക വാതം.

–ഈ കാറ്റ് മാങ്ങ പഴുക്കുന്നതിന്നും പൊഴിയുന്നതിന്നും കാരണമാകുന്നതിനാലാണ് ഈ കാറ്റിനെ മാംഗോ ഷവേഴ്സ് എന്ന് വിളിക്കുന്നത്.

BIJU KK, HST, GHSS TUVVUR, MALAPPURAM.

# അസ്ഥിരവാതങ്ങൾ

–ചില പ്രത്യേക അന്തരീക്ഷ അവസ്ഥകളിൽ രൂപം കൊള്ളുന്നതും തികച്ചും വ്യത്യസ്തമായ സ്വഭാവ സവിശേഷതകളോടു കൂടിയതുമായ കാറ്റുകളാണ് അസ്ഥിരവാതങ്ങൾ.

–ചക്രവാതങ്ങളും, പ്രതിചക്ര വാതങ്ങളും അസ്ഥിര വാതങ്ങൾക്ക് ഉദാഹരണങ്ങളാണ്.

# ചക്രവാതങ്ങൾ

PLAY

–അന്തരീക്ഷത്തിൽ ഒരു ന്യൂനമർദ്ദപ്രദേശവും അതിനു ചുറ്റുമായി ഉച്ചമർദ്ദവും സൃഷ്ടിക്കപ്പെടുന്നതാണ് ചക്രവാതങ്ങൾ രൂപം കൊള്ളുന്നതിന് കാരണം.

–ഇങ്ങനെ രൂപപ്പെടുന്ന ന്യൂനമർദ്ദ കേന്ദ്രത്തിലേക്ക് ചുറ്റുമുള്ള ഉച്ചമർദപ്രദേശങ്ങളിൽ നിന്നും അതിശക്തമായി കാറ്റ് ചുഴറ്റി വീശുന്നു.

–കോറിയോലിസ് പ്രഭാവത്താൽ ഉത്തരാർധഗോളത്തിലെ ചക്രവാതങ്ങൾ വീശുന്നത് എതിർ ഘടികാര ദിശയിലാണ്.

–ദക്ഷിണാർദ്ധഗേളത്തിൽ ചക്രവാതകങ്ങൾ വീശുന്നത് ഘടികാര ദിശയിലുമാണ്.

BIJU KK, HST, GHSS TUVVUR, MALAPPURAM.

–രൂപപ്പെടുന്ന കാലാവസ്ഥാ മേഖലകള അടിസ്ഥാനത്തിൽ ഇവയെ ഉഷ്ണമേഖല ചക്രവാതങ്ങളെന്നും മിതോഷ്ണമേഖല ചക്രവാതങ്ങൾ എന്നും രണ്ടായി തിരിക്കാം.

–2017 നവംബർ മാസത്തിൽ ഇന്ത്യൻ തീരത്ത് വീശിയ ഓഖി ചുഴലിക്കാറ്റ് ഉഷ്ണമേഖലാ ചക്രവാതമാണ്.

–ഉഷ്ണമേഖല സമുദ്ര പ്രദേശത്ത് പ്രത്യേകിച്ച് ഇന്ത്യൻ മഹാസമുദ്രത്തിൽ ഉണ്ടാകുന്ന പ്രാദേശിക മർദവ്യതിയാനമാണ് ഉഷ്ണമേഖല ചക്ര വാതത്തിന് കാരണം.

# പ്രതിചക്രവാതങ്ങൾ

–ഉമർദ കേന്ദ്രങ്ങളിൽ നിന്നും ചുറ്റമുള്ള ന്യൂനമർദ പ്രദേശങ്ങളിലേക്ക് ശക്തമായി കാറ്റ് ചുഴറ്റി വീശുന്ന പ്രതിഭാസമാണ് പ്രതിചക്ര വാദങ്ങൾ.

–കോറിയോ ലിസ് പ്രഭാവത്താൽ ഉത്തരാർധഗോളത്തിൽ പ്രതിപക്ര വാതം ഘടികാര ദിശയിലും, ദക്ഷിണാർധ ഗോളത്തിൽ എതിർ ഘടികാര ദിശയിലുമാണ്.

BIJU KK, HST, GHSS TUVVUR, MALAPPURAM.

ALL THE BEST

By

BIJU K K, GHSS TUVVUR
MALAPPURAM
9895695437